# ദനഹാക്കാലം

## വചന വിചിന്തനം

### മൂന്നാം ഞായർ

### യോഹ 1,29-42

**"വിശുദ്ധിയുടെ പെരുമഴക്കാലം സ്വപ്നം കാണുന്നവർക്ക്
കർത്താവ് സമ്മാനിക്കുന്ന ഏക ചോദ്യം,
"നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" (യോഹ 1,38)"**

ധ്യാനകേന്ദ്രത്തിൽ നിന്ന് ധ്യാനകേന്ദ്രത്തിലേയ്ക്കും തീർത്ഥാടനകേന്ദ്രത്തിൽ നിന്ന് തീർത്ഥാടന കേന്ദ്രത്തിലേയ്ക്കും നാം യാത്ര ചെയ്യുമ്പോൾ ക്രിസ്തു നമ്മോട് ചോദിക്കുന്ന ഏക ചോദ്യം ഇത് തന്നെയായിരിക്കും, "നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" നമ്മുടെയൊക്കെ വിശ്വാസത്തെ അളക്കാനും ഈ ചോദ്യം തന്നെ സമൃദ്ധമാണ്.

തോമാച്ചൻ അന്ന് ക്ലാസിൽ നിന്ന് വന്നത് ഏറെ ദേഷ്യത്തോടുകൂടിയാണ്. നാലാംക്ലാസ്സിൽ പഠിക്കുന്ന കൊച്ചുതോമ ഇന്ന് വരെ ഇത്രമാത്രം ദേഷ്യത്തോടെ വീട്ടിലേയ്ക്ക് വന്നിട്ടില്ല. വീട്ടിലെത്തിയപാടെ തോളിൽ കിടന്നിരുന്ന പുസ്തകസഞ്ചി എടുത്ത് ഒറ്റ വീക്കാണ് മേശപ്പുറത്തേയ്ക്ക്. അമ്മയുടെ അടുത്തും ഒന്നും പറയുന്നില്ല. അമ്മ അവനെ സ്നേഹത്തോടുകൂടി കാപ്പി കുടിക്കാൻ ക്ഷണിച്ചു. അവൻ കാപ്പി കുടിക്കാൻ വന്നപ്പോൾ അമ്മ ചോദിച്ചു,

"കൊച്ചുതോമ, ഇന്ന് എന്ത് പറ്റി? ഭയങ്കര ദേഷ്യത്തിലാണല്ലോ?. ടീച്ചർമാർ വഴക്ക് പറഞ്ഞോ? അതോ, നീ ആരെങ്കിലുമായി തല്ല് കൂടിയോ?"

കൊച്ചുതോമ പറഞ്ഞു,

"നമ്മുടെ കാസ്സിലെ ആ മത്തായിയുണ്ടല്ലോ, അവന് ഒട്ടും വിശ്വാസമില്ല! അവനുണ്ടല്ലോ, ഇന്ന് ക്ലാസില് എന്റെ കൊന്ത താഴെവീണപ്പോൾ അതിൽ മനഃപൂർവ്വം കയറി ചവിട്ടി. അതും പോരാഞ്ഞിട്ട് എന്നെ 'കള്ളകത്തോലിക്കൻ' എന്ന് പറഞ്ഞ് കളിയാക്കുകയും ചെയ്തു."

അമ്മ തിരിച്ച് ചോദിച്ചു, "എന്നിട്ട്, നീ എന്തു ചെയ്തു?"

കൊച്ചുതോമ പറഞ്ഞു, "ഞാൻ അവിടെ കിടന്നിരുന്ന ഒരു മരകഷണമെടുത്ത് അവന്റെ തലക്കിട്ട് ഒരു കൊട്ടു കൊടുത്തു."

ഒരിക്കലും സംഭവിക്കാൻ ഇടയില്ലാത്ത ഒന്നാണ് ഇത് എന്ന് പറഞ്ഞ് തള്ളികളയണ്ട ഇതിനെ. കാരണം, ഇതിനോട് സദൃശ്യമായ എത്രയോ കാര്യങ്ങൾ അനുദിനജീവിതത്തിൽ നമുക്ക് സംഭവിച്ചിരിക്കുന്നു! കത്തോലിക്കരാണ്, വിശ്വാസികളാണ് എന്ന് പറഞ്ഞ് നാം നടക്കുമ്പോഴും പലപ്പോഴും നമ്മുടെ ജീവിതത്തിൽ അരങ്ങേറുന്നത് വിശ്വാസത്തിന് നിരക്കാത്തതല്ലേ?

സ്നാപകയോഹന്നാൻ തന്റെ രണ്ട് ശിഷ്യൻമാരുടെ കൂടെ ആയിരിക്കുമ്പോഴാണ് ക്രിസ്തുവിനെ കണ്ടുമുട്ടുന്നത്. അപ്പോൾ, സ്നാപകൻ കർത്താവിനെ കുറിച്ച് സാക്ഷ്യപ്പെടുത്തുകയാണ്, "ഇതാ, ദൈവത്തിന്റെ കുഞ്ഞാട്" (യോഹ 1,36). തൽക്ഷണം ആ രണ്ട് ശിഷ്യൻമാർ കർത്താവിനെ അനുഗമിക്കുകയാണ്. ഇത് തിരിച്ചറിയുന്ന ക്രിസ്തു, തിരിഞ്ഞുനിന്ന് അവരോട് ചോദിക്കുകയാണ്, "നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" (യോഹ 1,38). അവർ ഉത്തരമല്ല പറയുന്നത്. മറിച്ച്, ചോദ്യമാണ്, "റബ്ബീ, അങ്ങ് എവിടെയാണ് വസിക്കുന്നത്?" (യോഹ 1.38). പിന്നെ, വചനം പറയുന്നത്, അവർ അവനോടൊപ്പം ചെന്ന്, അവൻ വസിക്കുന്ന ഇടം കണ്ടെത്തുകയും, അവനോട് കൂടെ താമസിക്കുകയും ചെയ്തു എന്നാണ്.

*ഗുരുവിനെ അന്വേഷിച്ചിറങ്ങിയവർ ഗുരുവിനോടൊത്ത് വസിക്കുകയും അവൻ ക്രിസ്തുവാണെന്ന് തിരിച്ചറിയുമ്പോൾ അനേകരെ അവന്റെ അടുക്കലേയ്ക്ക് കൂട്ടികൊണ്ടുവരുകയും ചെയ്യുന്നു. "ഗുരുവിനെ" അന്വേഷിച്ചിറങ്ങിയവർ കണ്ടെത്തുന്നത് "മിശിഹായെ/രക്ഷകനെ" ആണ്.*

'ക്രിസ്ത്യാനി' എന്നാൽ ക്രിസ്തുവിന്റെ അനുയായി അഥവ ക്രിസ്തുവിന്റെ ശിഷ്യൻ എന്നാണല്ലോ അർത്ഥമാക്കുന്നത്. നമ്മളിൽ എത്രപ്പേർ ക്രിസ്തുവിനെ കണ്ടെത്തണം, അവനെ തിരിച്ചറിയണം, അവനോടുകൂടെ താമസിക്കണം, അവനിൽ നിന്ന് അനുഗ്രഹങ്ങൾ സ്വന്തമാക്കണം എന്നുള്ള സ്വപ്നങ്ങളോടുകൂടെ ക്രിസ്തുവിനെ അന്വേഷിക്കുന്നുണ്ട്? എല്ലാ ആഴ്ച്ചയിലും ഞായറാഴ്ച്ച കടന്ന് വരുന്നു, സമയമാകുന്നു, പള്ളിയിൽ പോകുന്നു... ഏല്ലാ ദിവസവും ഏഴ് മണിക്ക് കുരിശ് മണിയടിക്കുന്നു. സമയമില്ല. അതിനാൽ, കുരിശുമാത്രം വരച്ച് സമയം കിട്ടുമ്പോൾ ജപമാല എത്തിക്കുന്നു... ഭിക്ഷക്കാർ വീട്ടിലേയ്ക്ക് വരുന്നു. നാശം... പ്രാകികൊണ്ട് എന്തെങ്കിലും കൊടുക്കുന്നു... നമ്മുടെ ജീവിതം പലപ്പോഴും ഇപ്രകാരമാണ്. ഇവിടെയൊക്കെ ക്രിസ്തു നമ്മോട് ചോദിക്കുന്നുണ്ട്, "നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" (യോഹ 1,38) എന്ന്. നമ്മുടെ ജീവിതനിയോഗം ഇത്രമാത്രം, "എന്തിലും ഏതിലും ക്രിസ്തുവിനെ അന്വേഷിക്കുക... അവനോട് കൂടെ ആയിരിക്കുക... അവന് സാക്ഷ്യം നൽകുക..."

ക്രിസ്തുവിന്റെ ജനനത്തെ കുറിച്ച് മത്തായിശ്ലീഹ പറയുന്നത് ഇപ്രകാരമാണ്, "ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും' (മത്താ 1,23) കൂടെ വസിക്കുന്നവർക്ക് മാത്രമാണ് അവൻ ദൈവമാണ് എന്ന് തിരിച്ചറിയാൻ സാധിക്കൂ... എമ്മാവൂസിലെ ശിഷ്യൻമാർ, സക്കേവൂസ്, പാപിനിയായ സ്ത്രീ... ഇനിയും എത്ര ഉദാഹരണങ്ങൾ...

സ്നാപകയോഹന്നാൻ കർത്താവിനെ കുറിച്ച് തന്റെ ശിഷ്യൻമാരുടെ മുമ്പിൽ സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ്, "ഇതാ, ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ 1,29). കുഞ്ഞാട് എന്നത് പഴയനിയമത്തിലേയ്ക്കുള്ള ഒരു സൂചന മാത്രമാണ്. ദൈവത്തിന്റെ സഹനപുത്രനായിട്ടുള്ള ക്രിസ്തുവിനെയാണ് കുഞ്ഞാട് എന്നതിലൂടെ സ്നാപകൻ വിശേഷിപ്പിക്കുന്നത്. ദൈവത്തിന്റെ സഹനദാസനായിട്ടുള്ള ക്രിസ്തുവിനെ കുറിച്ചുള്ള, 'ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നത് ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽ കൂടുതൽ വ്യക്തമാണ്. '

'അവൻ നിന്ദിക്കപ്പെട്ടു... നമ്മുടെ വേദനകളാണ് അവൻ സഹിച്ചത്... നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്... നമ്മുടെ അതിക്രമങ്ങൾക്ക് വേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു... നമ്മുടെ അകൃത്യങ്ങൾക്ക് വേണ്ടി ക്ഷതമേൽപ്പിക്കപ്പെട്ടു... അവന്റെ മേലുള്ള ശിക്ഷ നമുക്ക് രക്ഷ നൽകി.... കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽ നിൽക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു..." (ഏശയ്യ 53,4 - 7).

സകല മനുഷ്യരുടെയും പാപങ്ങൾക്ക് വേണ്ടി ജീവൻ ബലിയർപ്പിക്കാനുള്ളവനാണിവൻ, സകല മനുഷ്യർക്കും തന്റെ രക്തത്തിലൂടെ രക്ഷ സമ്മാനക്കാനുള്ള കുഞ്ഞാടാണ് ഇവൻ എന്നുള്ള സ്നാപകന്റെ സാക്ഷ്യമാണ് ശിമയോനെയും അന്ത്രയോസിനെയും പ്രേരിപ്പിച്ചത്. ഇന്ന് സാക്ഷ്യങ്ങൾക്ക് ഗ്രഹണം സംഭവിച്ചിരിക്കുകയാണ്. അതുകൊണ്ട് തന്നെ സാക്ഷ്യങ്ങൾ അസ്തമിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെയാണ് മൂന്ന് തരത്തിലുള്ള സാക്ഷ്യങ്ങളെ സുവിശേഷകൻ പരിചയപ്പെടുത്തുന്നത്.

**1. സ്നാപകന്റെ സാഷ്യം:** ഇത് ഒരു പിതാവിന്റെ സാക്ഷ്യത്തിന് തുല്ല്യമാണ്. ദൈവത്തെ കണ്ട്, അവനെ അനുഭവിച്ചറിഞ്ഞ്, അവന്റെ വഴിയെ അവൻ പറയുന്നതുപോലെ അനുദാവനം ചെയ്യുന്ന ഒരു നല്ല പിതാവിന്റെ രൂപസാദൃശ്യമുണ്ട് സ്നാപകന്റെ സാക്ഷ്യത്തിന്. അവൻ ദൈവത്തെ ചൂണ്ടികാണിച്ചിട്ട് പറയുകയാണ്, "ഇത് ക്രിസ്തുവാണ്. സകല മനുഷ്യർക്കും രക്തത്തിലൂടെ രക്ഷ സമ്മാനിക്കാൻ കടന്ന് വന്നവനാണ് ഇവൻ. ഇവന്റെ മാമ്മോദീസവേളയിൽ ദൈവാത്മാവ് പ്രാവിനെപ്പോലെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നിരിക്കുന്നു. അതിനാൽ, ഇവൻ ദൈവപുത്രനാണ്." ദൈവത്തെ ചൂണ്ടികണിച്ച് തരുന്ന ഇത്തരം സാക്ഷ്യങ്ങളും സ്നാപകയോഹന്നാൻമാരും ഇന്ന് സമൂഹത്തിൽനിന്ന് അന്യം നിന്നിരിക്കുന്നു. രണ്ട് കാര്യങ്ങൾ നമുക്ക് ചിന്തിക്കാം; ഒന്ന്, സ്നാപകയോഹന്നാനെപ്പോലെ ദൈവത്തെ ഞാൻ കാണിച്ച് കൊടുക്കുന്നുണ്ടോ? രണ്ട്, ദൈവത്തെ മറ്റുള്ളവർ കാണിച്ച് തരുമ്പോൾ അവനെ അനുഗമിക്കാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?

**2. അന്ത്രയോസിന്റെ സാക്ഷ്യം**: സ്നാപകന്റെ വാക്കുകളിലൂടെ ക്രിസ്തുവിനെ തിരിച്ചറിഞ്ഞ അന്ത്രയോസ് തന്റെ സഹോദരനായ ശിമയോനെ ക്രിസ്തുവിന്റെ അടുത്തേയ്ക്ക് ആനയിക്കുന്നു. ഒരു സഹോദരന്റെ സ്നേഹവും വാത്സല്യവും അന്ത്രയോസിന്റെ സാക്ഷ്യത്തിൽ കാണാൻ സാധിക്കും. ഇത്തരം സാക്ഷ്യങ്ങളും ഇന്ന് സമൂഹത്തിൽ അന്യം നിന്നുകൊണ്ടിരിക്കുകയാണ്. പലപ്പോഴും, ഇന്ന് നമുക്ക് പേടിയാണ്. 'ഇവൻ എന്നെക്കാൾ വലിയവനാകുമോ!' എന്നുളള വലിയ ഭയാശങ്ക. അതുകൊണ്ട് തന്നെ പലപ്പോഴും സഹോദരങ്ങളെപ്പോലും ദൈവത്തിന്റെ തിരുമുമ്പിൽ എത്തിക്കാൻ സാധിക്കാത്ത ദുരവസ്ഥയിലാണ് നാം ജീവിക്കുന്നത്.

*"നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" (യോഹ 1,38). ക്രിസ്തുവിനെ ഇന്നും പലരും അന്വേഷിക്കുന്നുണ്ട്, പല ലക്ഷ്യങ്ങൾക്കുവേണ്ടി. ക്രിസ്തുവിനെ രാജാവാക്കാൻ അന്വേഷിച്ചവരുണ്ട്. അവനിൽ നിന്ന് അനുഗ്രഹങ്ങൾ സ്വന്തമാക്കാൻ അന്വേഷിച്ചവരുണ്ട്. അവനുമായി തർക്കിക്കാൻ അന്വേഷിച്ചവരുണ്ട്. സൗഖ്യത്തിന് വേണ്ടി അന്വേഷിച്ചവരുണ്ട്... ഞാൻ എന്തിന് വേണ്ടിയാണ് ക്രിസ്തുവിനെ അന്വേഷിക്കുന്നത്?*

**3. പീലിപ്പോസിന്റെ സാക്ഷ്യം**: ഒരു നല്ല സഹൃദത്തെ ഇവിടെ കണ്ടുമുട്ടാനാകും. അതുകൊണ്ട് തന്നെ എല്ലാ സഹൃദങ്ങളും ഇപ്രാരം ആയിരിക്കണമെ എന്നുളളതാണ് എന്റെ വലിയ പ്രാർത്ഥന. ക്രിസ്തുവിന്റെ വചനം കേട്ട് അവൻ രക്ഷകനാണ് എന്ന് പീലിപ്പോസ് തിരിച്ചറിഞ്ഞപ്പോൾ അവൻ തന്റെ കൂട്ടുക്കാരനെ, നഥാനയേലിനെ, കൂടി കർത്താവിന്റെ അടുത്തേയ്ക്ക് ആനയിക്കുകയാണ്. നമുക്ക് ചുറ്റും ഇത്തരം സഹൃദങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ക്രിസ്തുവിനെ, ദൈവത്തെ കാണിച്ചുകൊടുക്കാനുളള നല്ല സഹൃദങ്ങളെ നാം വളർത്തേണ്ടിയിരിക്കുന്നു. ഇത്തരം സഹൃദങ്ങളെ നാം വളർത്തേണ്ടിയിരിക്കുന്നു... മുതിർന്നവർ പറയുന്നതുപ്പോലെ, "ചന്ദനം ചാരിയാൽ ചന്ദനം മണക്കും; ചാണകം ചാരിയാൽ ചാണകമെ മണക്കൂ..."

സാക്ഷ്യം ശിഷ്യത്വത്തിലേയ്ക്ക് നയിക്കുമ്പോൾ അഞ്ച് കാര്യങ്ങൾ അവിടെ അരങ്ങേറുന്നുണ്ട്. 1.സാക്ഷ്യം സ്വീകരിക്കുന്നു (യോഹ 1,29 - 37). 2.ഗുരുവിനെ അനുദാവനം ചെയ്യുന്നു (യോഹ 1,37). 3.ഗുരുവിനെകുറിച്ച് അന്വേഷിക്കുന്നു (യോഹ 1,38). 4. കൂടെ വസിക്കുന്നു (യോഹ 1,39). 5.ഗുരുവിന് സാക്ഷിയായ് മാറുന്നു (യോഹ 1,41 - 42). ക്രിസ്തുവിനെ സമൂഹമദ്ധ്യത്തിൽ അവതരിപ്പിക്കുന്നതിലൂടെ സ്നാപകൻ രംഗത്തുനിന്ന് മായുകയാണ്. സ്നാപകന്റെ ദൗത്യം ക്രിസ്തുവിന് സാക്ഷ്യം നൽകുക എന്നതായിരുന്നു. തന്റെ ദൗത്യനിർവഹണത്തിലൂടെ സ്നാപകൻ ക്രിസ്തുവിന് നിഴലായ് മാറുന്നു. ഇപ്രകാരം ക്രിസ്തുവിന് നിഴലായ് മാറുമ്പോൾ സ്നാപകൻ പറഞ്ഞുവയ്ക്കുന്നത് ഇപ്രകാരമാണ്, "എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ ശക്തനാണ് എന്ന് പറഞ്ഞത് ഇവനെ പറ്റിയാണ്" (യോഹ 1,30) എന്ന്.

ശത്രുരാജ്യം രാജ്യത്തെ ആക്രമിക്കുകയാണ്. സൈന്യാധിപൻ തോറ്റോടി. രാജാവ് പകരം പുതിയൊരാളെ നിയമിച്ചു. അവൻ ധീരനും പരാക്രമിയുമായിരുന്നു. ശത്രുസൈന്യത്തെ രാജ്യത്തുനിന്ന് പുതിയ സൈന്യാധിപൻ തുരത്തി. പുതിയ സൈനാധിപന് രാജ്യം വലിയ ബഹുമതികൾ നൽകി ആദരിച്ചു. തോറ്റോടിയ സൈന്യാധിപനെ രാജ്യം ചതിയൻ എന്ന് വിളിച്ച് അവഹേളിച്ചു. എന്നിട്ടും, പുതിയ സൈന്യാധിപനെ രാജ്യവീഥിയിലൂടെ ബഹുമതികൾ നൽകി ആദരിച്ചുകൊണ്ടുവന്നപ്പോൾ അയ്യാൾക്ക് ജയ്‌വിളിച്ചും കാഹള മൂതിയും തോറ്റോടിയ സൈന്യാധിപനും മുൻപന്തിയിലുണ്ടായിരുന്നു. പിന്നാലെ വരുന്നവന്റെ വിജയം ആഘോഷിക്കുന്നവന്റെ മനസിന്റെ വലുപ്പം എത്രമാത്രമായിരിക്കണം. സ്നാപകന്റെ വാക്കുകളെക്കാൾ സാക്ഷ്യമുണ്ട് അവന്റെ ജീവിതത്തിന്. 'താൻ മിശിഹാ അല്ല' മറിച്ച്, 'മിശിഹായ്ക്ക് വഴിയൊരുക്കാൻ വന്നവനാണ്' എന്ന് സ്വയം പരിചയപ്പെടുത്തിയവൻ ജീവിതം കൊണ്ട് അത് തെളിയിക്കുകയാണ്;

***"അവൻ വളരുകയും ഞാൻ കുറയുകയും വേണം!"***

(യോഹ 3,30)

..............................................................................................................

ഫാ. ജോബി മെനേത്ത് : +91 944 7777 931